കേരള സർക്കാർ

# മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം(പി 6)1609/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : lfadekm@gmail.com

തീയതി : 07.09.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് : -

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെഎസ്എ-ഇകെഎം(പി 6)1609/2018 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : lfadekm@gmail.com
തീയതി : 07.09.2018

## എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.4.2017 മുതൽ 31.3.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ചതിനു ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. ജയ.സി.ആർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 05.07.2018 മുതൽ17.07.2018 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീമതി.മിനു.പി.കെ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.ഹരീഷ് ബാബു.എൻ | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.കവിത.എസ്.കണ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ജോഷി തോമസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ റെഞ്ചി കുര്യൻ കൊള്ളിനാൽ | 01.04.2017മുതൽ 31.03.2018വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി. സലോമി സൈമൺ | 01.04-2017മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീമതി.ശോശാമ്മ സി.എസ് | 01.04.2017മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഷീല യു. | 01.04.2017മുതൽ 09.06.2017വരെ |
| | | 10.06.17 – 24.06.17 (തസ്തിക ഒഴിഞ്ഞുകിടക്കുന്നു) |

| | | |
|---|---|---|
| | ശ്രീ.സാബു.സി.ജെ | 24.06.2017മുതൽ 31.03.2018വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ.സതീഷ്കുമാർ.എം.ഡി. (ചാർജ്ജ്) | 01.04.17 | 19.07.17 |
| | ശ്രീമതി. പ്രിയദർശിനി.പി | 20.07.17 | 20.10.17 |
| | ശ്രീ.സതീഷ്കുമാർ.എം.ഡി. (ചാർജ്ജ്) | 21.10.17 | 25.10.17 |
| | ശ്രീമതി. ജ്യോത്സ്ന.എം | 26.10.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഷാജി.പി.എസ് | 01.04.17 | 31.3.18 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഉമ.ജി.എസ് | 01.04.17 | 31.03.18 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അമ്പിളി | 01.04.17 | 31.03.18 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.വൽസലകുമാരി.പി.എസ് | 01.04.17 | 30.01.18 |
| | ശ്രീമതി. ജീന.റ്റി | 31.01.18 | 31.03.18 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (മുളന്തുരുത്തി) | ശ്രീ. വിനോദ്. വി | 01.04.17 | 19.06.17 |
| | ശ്രീമതി.സൗമ്യ ശശിധരൻ | 20.06.17 | 03.07.17 |
| | ശ്രീ. അനൂപ് പോൾ | 04.07.17 | 05.10.17 |
| | ശ്രീ. ജോർജ് എം.പി. (ചാർജ്) | 06.10.17 | 09.10.17 |
| | ശ്രീമതി.ശ്രീവിദ്യ.വി | 10.10.17 | 31.03.18 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (തുരുത്തിക്കര) | ശ്രീമതി.മഞ്ജൂഷ.കെ.എസ് | 01.04.17 | 19.06.17 |
| | ശ്രീമതി.വിജയശ്രീ | 20.06.17 | 28.06.17 |
| | ശ്രീ. ജോർജ് എം.പി | 29.06.17 | 31.03.18 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ(പെരുമ്പിള്ളി) | ശ്രീമതി.മഞ്ജൂഷ.കെ.എസ് | 01.04.17 | 19.06.17 |
| | ശ്രീമതി.വിജയശ്രീ | 20.06.17 | 28.06.17 |
| | ശ്രീ. ജോർജ് എം.പി (ചാർജ്) | 29.06.17 | 04.07.17 |
| | ശ്രീ. വിജയ്.വി.ജി | 05.07.17 | 31.03.18 |
| ഹെഡ് മാസ്റ്റർ GUPS | ശ്രീമതി. സിസി എ.എൽ | 01.04.17 | 31.03.18 |
| വെറ്റിനറി സർജൻ | ഡോ. ശോഭ ജയറാം | 01.04.17 | 31.03.18 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ജോമോൻ ടി.പി | 01.04.17 | 19.05.17 |
| | ശ്രീമതി. ദിവ്യ ഭൂപേഷ് | 20.05.17 | 31.03.18 |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ജയ കെ.ആർ | 01.04.17 | 17.06.17 |
| | | 17.06.17മുതൽ 27.06.17 വരെ (തസ്തിക ഒഴിഞ്ഞു കിടക്കുന്നു) | |
| | ശ്രീ.റമീസ്.പി.മുഹമ്മദ് | 28.06.17 | 09.11.17 |
| | ശ്രീമതി.ഷൈമ.ജെ | 10.11.17 | 31.03.18 |

.

.
ഉള്ളടക്കം

.

| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിൽ പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| 13 | സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനം സംബന്ധിച്ച് | 1-13 |
| | ഭാഗം - 2 | |
| 14 | വസ്തു നികുതി നിർണയവും പിരിവും സംബന്ധിച്ച് | 2-1 |
| 15 | മത്സ്യമാർക്കറ്റ് സ്റ്റാളുകൾ ഉപയോഗിക്കപ്പെടുന്നില്ല | 2-2 |
| 16 | തൊഴിൽ നികുതി പിരിവ് സംബന്ധിച്ച അപാകതകൾ | 2-3 |
| 17 | ലൈസൻസില്ലാതെ സ്ഥാപനങ്ങളും ലൈവ് സ്റ്റോക്ക് ഫാമുകളും പ്രവർത്തിക്കുന്നു | 2-4 |
| | ഭാഗം - 3 | |
| 18 | അനുവദനീയമായതിലും അധിക നിരക്ക് നൽകിയത് | 3-1 |
| 19 | കുടിവെള്ള വിതരണം പദ്ധതി | 3-2 |
| 20 | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു | 3-3 |
| 21 | വൈക്കോൽകെട്ട് മെഷീൻ - വാങ്ങൽ | 3-4 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക | 4-2 |
| 24 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |

| | | |
|---|---|---|
| 29 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 31 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 32 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (2017-18) | അനുബന്ധം.1 |
| 33 | ബാലൻസ് ഷീറ്റ് (2017-18) | അനുബന്ധം.2 |
| 34 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (2017-18) | അനുബന്ധം.3 |
| 35 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (2017-18) | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

. 31.3.2017 തിയതിയിലെ രണ്ടാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 12.3.2018 തിയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 18.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 12.6.2018 & 13.6.2018 | നം.കെ.എസ്.എ-ഇ.കെ.എം(പി.ജി) 1786(50)/18 തീയതി 04.07.18 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13851001.60 |
| വരവ് | 88124629.00 |
| ആകെ | 101975630.60 |
| ചെലവ് | 91224720.00 |
| നീക്കിയിരിപ്പ് | 10750910.60 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പൊതുവിഭാഗം | 0 | 12170000 | 12170000 | 12170000 | 0 |
| എസ്.സി.പി | 0 | 6142247 | 6142247 | 6142247 | 0 |
| ടി.എസ്.പി | 0 | 134945 | 134945 | 134945 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 1031800 | 1031800 | 1031800 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 3099000 | 3099000 | 3099000 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6841152 | 6841152 | 6841152 | 0 |
| പെർഫെമൻസ് ഗ്രാന്റ് (ലോകബാങ്ക്) | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 8983 | 1227511 | 1236494 | 1228109 | 8385 |
| കെ.യു.ആർ.ഡി. എഫ്.സി ലോൺ | 5523 | 0 | 5523 | 3871 | 1652 |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, തനതു ഫണ്ട് | 8076253 | 9763782 | 17840035 | 15108292 | 2731743 |
| എസ്.ബി.ഐ ഇ-പേയ്മെന്റ് | 7500 | 154753 | 162253 | 9498 | 152755 |
| കാനറാ ബാങ്ക് (സ്വൈപ്പിംഗ് മെഷീൻ) | 11866 | 15839 | 27705 | 7531 | 20174 |
| ജില്ലാ സഹകരണ ബാങ്ക് (തനതുഫണ്ട്) | 1983614.60 | 1897665 | 2096029.60 | 2096030 | -0.40 |
| ജില്ലാ സഹകരണ ബാങ്ക് (തനതുഫണ്ട്) | 201587 | 6892793 | 7094380 | 6255773 | 838607 |
| കാനറാ ബാങ്ക് (സാക്ഷരതാ മിഷൻ) | 36529 | 954 | 37483 | 0 | 37483 |
| ശുചിത്വ മിഷൻ | 11387 | 437 | 11824 | 0 | 11824 |
| ദുരിതാശ്വാസനിധി (സർവ്വീസ് സഹകരണ ബാങ്ക്) | 75450 | 78203 | 153653 | 46000 | 107653 |
| സംയുക്ത പ്രോജക്ടുകൾക്കുള്ള തുക | 0 | 16173300 | 16173300 | 10213300 | 5960000 |
| ട്രഷറി എസ്.ടി. എസ്.സി | 3239039 | 11046421 | 14285460 | 13441141 | 844319 |
| ക്യാഷ് | 193270 | 10451376 | 10644646 | 10608330 | 36316 |

ആകെ തുകയിൽ പ്ലാൻ ഫണ്ടിനത്തിൽ ലഭിച്ച തുക ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 156 | 103661034 | 147 | 69835060 | - | 09 | 67.36 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 8983 | 1227511 | 1236494 | 1228109 | 8385 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 6480 | 16388262 | 16394742 | 16394742 | 0 |
| ആകെ | 15463 | 17615773 | 17631236 | 17622851 | 8385 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെഎണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 33120 | 66 |
| കർഷകതൊഴിലാളി പെൻഷൻ | 7611200 | 654 |
| വിധവാപെൻ ഷൻ | 8415900 | 696 |
| വാർദ്ധക്യകാല പെൻഷൻ | 21543900 | 1648 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3311200 | 283 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധന സഹായം | 586500 | 67 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2018 -ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31386/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.06.2018 | 5/2018 | 22.6.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.05.2004 | 1997-98 മുതൽ 2003-04 വരെ | 21.7.2004 |

## 1-11 ഓഡിറ്റ് ഇംപാക്ട്-ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് 5750/- രൂപാ ഈടാക്കി

ഗ്രാമപഞ്ചായത്ത് 2017-18 വർഷം തൊഴിൽ നികുതി, ഡി.&ഒ. ലൈസൻസ് എന്നീ ഇനങ്ങളിൽ ഈടാക്കാതിരുന്ന 5750/-രൂപ ഓഡിറ്റ് എൻക്വയറി നൽകിയതിനെതുടർന്ന് താഴെ പറയും പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

| ഇനം/പ്രവൃത്തി | തുക (₹) | രസീത് നമ്പർ /തീയതി |
|---|---|---|
| തൊഴിൽ നികുതി ഡി.&ഒ. ലൈസൻസ് | 5750 /- | 118010102315/13.07.18 |
| | | 118010102335/16.07.18 |
| | | 118010102337/16.07.18 |
| | | 118010102367/17.07.18 |
| ആകെ | 5750 /- | |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. വസ്തു നികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. സ.ഉ(എം.എസ്)152/2011/ത.സ്വ.ഭ.വ /26.07.11 പ്രകാരം ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
3. അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല..

## 1-13 സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനം സംബന്ധിച്ച്

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ വിവിധ മേഖലകളിൽ, അതാത് മേഖലകളിലെ ആവശ്യകതക്കനുസൃതമായാണ് പദ്ധതികൾ അസൂത്രണം ചെയ്തിട്ടുള്ളത്. പദ്ധതികളിലൂടെ വിവിധ ആനുകൂല്യങ്ങൾ നേടിയവരുടെ അർഹത തെളിയിക്കുന്ന രേഖകൾ കൃത്യമായി വിശകലനം ചെയ്ത് അതിന്റെ അടിസ്ഥാനത്തിലാണ് അവർക്ക് ആനുകൂല്യം നൽകിയിട്ടുള്ളത്. അതുപോലെ സർക്കാർ അംഗീകരിച്ച സബ്സിഡി നിരക്കുകൾ, മുൻഗണനാ മാനദണ്ഡങ്ങൾ എന്നിവ പാലിച്ചാണ് ഓരോ പദ്ധതിയും നടപ്പാക്കിയിട്ടുള്ളത്. അനർഹരായ ആരുംതന്നെ ആനുകൂല്യങ്ങൾ കൈപ്പറ്റാതിരിക്കുന്നതിന് ഇത്തരം നടപടികൾ ഗുണം ചെയ്തിട്ടുണ്ട്.

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്ന വിഷയങ്ങളിൽ ചർച്ചകൾ നടത്തുകയും, ചർച്ചകളിന്മേൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഉത്തരവാദപ്പെട്ടവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ഈ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയെ ഏൽപിച്ചിട്ടുള്ള മേഖലകളിലെ പ്രവർത്തനങ്ങൾ കൃത്യമായി നിർവ്വഹിച്ചുപോരുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ സഹായകമായി വർത്തിക്കുന്നു.

തരിശ് ഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്നതിൽ പഞ്ചായത്ത് ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നുണ്ട്.

<u>തരിശ് നെൽകൃഷി വികസനം</u>

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിൽ 2016-17 കാലഘട്ടത്തിൽ 80 ഹെക്ടർ സ്ഥലത്തായിരുന്നു നെൽകൃഷിയുണ്ടായിരുന്നത്. പഞ്ചായത്തിന്റെ ഇടപെടൽ മൂലം ഇത് 2017-18 ആയപ്പോഴേക്കും 155ഹെക്ടർ ആയി ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ പല പാടശേഖരങ്ങളും മണ്ണിട്ട് നികത്തി മറ്റ് കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന രീതിയെ തടയുക എന്ന ഉദ്ദേശ്യത്തോടെ തുടങ്ങിയ "തരിശ് നെൽകൃഷി

വികസന പദ്ധതി"യിലൂടെയാണ് ഇത് സാധ്യമായത്. 25 വർഷത്തിലേറെയായി തരിശ് കിടന്ന ചില പാടശേഖരങ്ങൾ കൃഷിക്ക് ഉപയുക്തമാക്കിയിട്ടുണ്ട്. ഇതിൽ പ്ലാസ്റ്റിക് മാലിന്യങ്ങളും കുപ്പികളും നിറഞ്ഞ് തരിശായി കിടന്നിരുന്ന ചെങ്ങോലപ്പാടം ഏറെ പരിശ്രമത്തിലൂടെ കൃഷിക്ക് ഉപയുക്തമാക്കിയെടുത്ത് അവിടെ കൃഷി ചെയ്യുകയും, അതിന്റെ ഫലമായി 26 ടൺ നെല്ല് ഉൽപാദിപ്പിച്ച്, സഹകാരി റൈസ് എന്നപേരിൽ വിതരണം ചെയ്യുവാൻ സാധിച്ചത് കാർഷിക രംഗത്തെ മുന്നേറ്റതിന് ഉത്തമ ഉദാഹരണമാണ്.

താഴെ പറയുന്നവയാണ് തരിശ് നെൽകൃഷി വികസന പദ്ധതിയുടെ ലക്ഷ്യങ്ങൾ.

1. മുളന്തുരുത്തി പഞ്ചായത്തിന്റെ ഹൃദയഭാഗത്തെ ഹരിതമേഖല വീണ്ടെടുക്കുക.
2. ഭക്ഷ്യരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുവാൻ ഗ്രാമപഞ്ചായത്തിനെ സഹായിക്കുക.
3. കർഷകർക്ക് കൃഷിയോടുള്ള പ്രിയം വർദ്ധിപ്പിക്കുകയും ജനകീയമായി കൃഷി ലാഭകരമാണെന്ന് ഉറപ്പാക്കുകയും ചെയ്യുക.
4. യന്ത്രവൽകൃത കൃഷിയിലേക്ക് കർഷകരെ ആകർഷിക്കുക.

ഈ ലക്ഷ്യങ്ങളിലേക്കെത്തുന്നതിന് ഉപയുക്തമായ തരത്തിലാണ് 2017-18ൽ കൃഷി ആഫീസർ താഴെ പറയുന്ന പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുള്ളത്

1. ഫലവൃക്ഷത്തൈ വിതരണം
2. പുരയിട കൃഷി
3. നെൽകൃഷി വികസനം
4. കർഷകർക്ക് മോട്ടോർ പമ്പ് സെറ്റ്
5. വൈക്കോൽ കെട്ട് മെഷീനും അനുബന്ധ ഉപകരണങ്ങളും. കൃഷിയുടെ സമഗ്ര പുരോഗതിക്കായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് പഞ്ചായത്ത് അധികൃതർ കാണിക്കുന്ന ആർജ്ജവം അഭിനന്ദനീയമാണ്.

ജലസ്രോതസ്സുകളുടെ സംരക്ഷണം

പഞ്ചായത്ത് പ്രദേശത്ത് കൃഷിക്ക് ആശ്രയിക്കുന്ന ജലസ്രോതസ്സുകളുടെ കൃത്യമായ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 32 കിണർ (.04ഹെക്ടർ) , 8കുളം(1.21 ഹെക്ടർ) , 3 കുഴൽ കിണർ, 83 തോടുകൾ (21536 മീറ്റർ), സർക്കാർ കനാൽ 3 (9524 മീറ്റർ)എന്നിങ്ങനെയുള്ള ജലസ്രോതസ്സുകൾ കൃഷിക്ക് ഉപയുക്തമായി പഞ്ചായത്തിലുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള ജലസേചന പദ്ധതിളുടെ സംരക്ഷണത്തിനായി മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി ഓഡിറ്റ് വർഷത്തിൽ വിപുലമായ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഈയിനത്തിലെ പ്രധാനപ്പെട്ട ചില പ്രവൃത്തികൾ ഇവയാണ് - പഞ്ചായത്തിലെ 17 തോടുകളുടെ ആഴം കൂട്ടി നീരൊഴുക്ക് ശക്തിപ്പെടുത്തി. കൂടാതെ തോടുകളുടെ സംരക്ഷണത്തിനായി തോടിന്റെ വശങ്ങളിൽ കയർ ഭൂവസ്ത്രം വിരിക്കൽ എന്ന പ്രവൃത്തി നടപ്പാക്കി. ഇത്തരത്തിൽ 5680$M^2$ കയർ ഭൂവസ്ത്രം ഓഡിറ്റ് വർഷം വിരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 16 വാർഡുകളിലായി 20 ഫാം പോണ്ടുകൾ, 925 മഴക്കുഴികൾ എന്നിവയും നിർമ്മിച്ചിട്ടുണ്ട്.

മുളന്തുരുത്തി പഞ്ചായത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ആവശ്യകതയെ അടിസ്ഥാനപ്പെടുത്തിയാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. കൂടാതെ ഈ പദ്ധതികൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥരും, അതോടൊപ്പം തന്നെ പഞ്ചായത്ത് ഭരണ സമിതിയും ശ്രദ്ധ പുലർത്തുന്നുണ്ട്.

തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് വിളക്കുകളുടെ പരിപാലനം നടത്തിപ്പോരുന്നത്.

വെറ്റിനറി ഡിസ്പെൻസറി പ്രവർത്തനങ്ങൾ

ABC പ്രോഗ്രാം നടപ്പിലാക്കുന്നതിനായി 12,03,366/- രൂപ ചെലവാക്കി 2017-18ൽ നിർമ്മിച്ചിട്ടുള്ള ABC പ്രോഗ്രാം തിയേറ്റർ കെട്ടിടം നിലവിൽ നിഷ്ക്രിയമായി സ്ഥിതി ചെയ്യുന്നു. ഉദ്ഘാടനത്തെ തുടർന്ന് ഏതാനും നായകൾക്ക് വന്ധ്യംകരണ പരിപാടി നടത്തിയെന്നതൊഴിച്ചാൽ നിലവിൽ ഈ കെട്ടിടം കാടുപിടിച്ച്

കിടക്കുന്ന അവസ്ഥയാണ്.

ഇതിനായ് ചെലവായ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 128/18 | ABC പ്രോഗ്രാം ഓപ്പറേഷൻ തിയേറ്റർ നിർമ്മാണം, ഷെൽറ്റർ നിർമ്മാണം | 486394/- |
| 139/18 | ABC റൂം അനുബന്ധ പ്രവർത്തനങ്ങൾ | 400000/- |
| 155/18 | ABC റൂം പൂർത്തീകരണം | 316972/- |
| | ആകെ | 12,03,366/- |

ഈ പദ്ധതിയുടെ നിർവ്വഹണത്തിനായി നായകളെ കൊണ്ടുവരുന്നതിനായി നിർമ്മിച്ചിട്ടുള്ള ഇരുമ്പ് കൂടുകൾ വെറ്റിനറി ഡിസ്പെൻസറി പരിസരത്ത് തികച്ചും കാര്യക്ഷമമല്ലാത്ത രീതിയിലാണ് സൂക്ഷിച്ചരിക്കുന്നത്.

പേവിഷ നിർമ്മാർജ്ജനം, കന്നുകുട്ടി പരിപാലനം എന്ന 2 പ്രോജക്ടുകളാണ് ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. പ്രദേശത്തെ മുട്ട, പാൽ ഉല്പാദനം വർദ്ധിപ്പിക്കുവാൻ ഉപയുക്തമായിട്ടുള്ള രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണയവും പിരിവും സംബന്ധിച്ച്

1. ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾ വിവിധ മുറികളായി വിഭജിച്ച് നികുതി നിർണയിച്ചതിനാൽ നികുതി കുറവായി നിർണ്ണയിച്ചു.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ(ആർ.ഡി.)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 30/-രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായും, പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

എന്നാൽ വസ്തു നികുതി പരിശോധിച്ചപ്പോൾ 100 ച.മീ. നു മുകളിൽ വിസ്തീർണം ഉള്ള ധാരാളം കെട്ടിടങ്ങളെ ഒന്നായി കണക്കിലെടുക്കാതെ നികുതി നിർണയിച്ചതായി കണ്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം, കെട്ടിട നം, ഉടമയുടെ പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ.) | നിർണയിച്ച നികുതി (ഇളവുകളും വർദ്ധനവും ഉൾപ്പെടെ, ച.മീ. ന 30 രൂപ നിരക്കിൽ) | നിർണയിക്കേണ്ട നികുതി (ച.മീ. ന് 50 നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| 1 | 1/481 A അഭിലാഷ് പുത്തൻപുരയിൽ | 75.87 | 2869(+20%, +5% LC) | 4780(+20%,+5% LC) | 1911 |
| | 1/481 B | 16.59 | 628(+20%, +5% LC) | 1045(+20%,+5% LC) | 417 |
| | 1/481 C | 16.59 | 628(+20%, +5% LC) | 1045(+20%,+5% LC) | 417 |
| | 1/481 D | 22.93 | 723(+20%, +5% LC) | 1204(+20%, +5% LC) | 481 |
| | 1/481 E | 14.43 | 546(+20%, +5% LC) | 910(+20%, +5% LC) | 363 |
| | 1/481 F | 59.61 | 2254(+20%, +5% LC) | 3756(+20%, +5% LC) | 1502 |
| | 1/481 H | 24.63 | 932(+20%, +5% LC) | 1552(+20%, +5% LC) | 620 |
| 2 | 1/405 J, റെഞ്ചി കുര്യൻ തുകലൻ കാച്ചാപ്പള്ളിൽ | 71.68 | 2259(+20%, +5% LC) | 3763(+20%, +5% LC) | 1504 |
| | 1/405 K | 84.79 | 2672(+20%, +5% LC) | 4452(+20%, +5% LC) | 1780 |
| | 1/405 L | 84.79 | 2672(+20%, +5% LC) | 4452(+20%, +5% LC) | 1780 |
| | 1/405 O | 86.02 | 2711(+20%, +5% LC) | 4516(+20%, +5% LC) | 1805 |
| | 1/405 P | 84.99 | 2678(+20%, +5% LC) | 4462(+20%, +5% LC) | 1784 |
| | 1/405 Q | 71.68 | 2259(+20%, +5% LC) | 3763(+20%, +5% LC) | 1504 |
| 3 | 3/159 A ബാബു വി.വി. വെള്ളച്ചാലിൽ | ച.മീറ്ററിന് 50 നിരക്കിൽ ഈടാക്കിയിട്ടുണ്ട് | | | |
| | 3/159 B | 43.65 | 1651(+20%, +5% LC) | 2750(+20%, +5% LC) | 1099 |
| | 3/159 C | 16.69 | 632(+20%, +5% LC) | 1052(+20%, +5% LC) | 420 |
| | 3/159 D | 17.33 | 623(+20%, +5% LC) | 1092(+20%, +5% LC) | 469 |
| | 7/501 A ജോൺ ചിറയ്ക്കമാലിൽ | 28 | 1059(+20%, +5% LC) | 1764(+20%, +5% LC) | 705 |
| | 7/501 B | 28 | 1059(+20%, +5% LC) | 1764(+20%, +5% LC) | 705 |

| | | | | | |
|---|---|---|---|---|---|
| 4 | 7/501 C | 57.6 | 2178(+20%, +5% LC) | 3629(+20%, +5% LC) | 1451 |
| | 7/501 D | 21.6 | 817(+20%, +5% LC) | 1361(+20%, +5% LC) | 544 |
| 5 | 7/499 A1 മാത്യു തോമസ് മണിയംകോട്ട് ഇടയത്ത് | 47.28 | 1699(+20%,-5%, +5%) | 2830(+20%,-5%, +5%) | 1131 |
| | 7/499 B1 | 28.28 | 1070(+20%,-5%, +5%) | 1782(+20%,-5%, +5%) | 712 |
| | 7/499 C1 | 28.28 | 1070(+20%,-5%, +5%) | 1782(+20%,-5%, +5%) | 712 |
| | 7/499 D1 | 28.28 | 1070(+20%,-5%, +5%) | 1782(+20%,-5%, +5%) | 712 |
| 6 | 8/473 B രമാദേവി സതിമന്ദിരം പുളിക്കമാലി | 19.6 | 742(+20%, +5% LC) | 1235(+20%, +5% LC) | 493 |
| | 8/473 C | 36.83 | 1393(+20%, +5% LC) | 2321(+20%, +5% LC) | 928 |
| | 8/473 D | 17.23 | 653(+20%, +5% LC) | 1086(+20%, +5% LC) | 433 |
| | 8/473 E | 14.76 | 559(+20%, +5% LC) | 930(+20%, +5% LC) | 371 |
| | 8/473 F | 21.44 | 811(+20%, +5% LC) | 1350(+20%, +5% LC) | 539 |
| | 8/473 G | 40.41 | 1528(+20%, +5% LC) | 2546(+20%, +5% LC) | 1018 |
| | 8/473 H | 14.75 | 558(+20%, +5% LC) | 930(+20%, +5% LC) | 372 |
| | 8/473 I | 35.65 | 1349(+20%, +5% LC) | 2247(+20%, +5% LC) | 898 |
| | 8/473 J | 18.42 | 698(+20%, +5% LC) | 1160(+20%, +5% LC) | 462 |
| | 8/473 K | 19.6 | 742(+20%, +5% LC) | 1235(+20%, +5% LC) | 493 |
| 7 | 9/596 J കെജെ.ജോസഫ് കല്ലറയ്ക്കൽ ആരക്കുന്നം | 40.54 | 1457(+20%,-5%, +5%) | 2426(+20%,-5%, +5%) | 969 |
| | 9/596 G | 22.96 | 826(+20%,-5%, +5%) | 1375(+20%,-5%, +5%) | 549 |
| | 9/596 H | 25.68 | 923(+20%,-5%, +5%) | 1537(+20%,-5%, +5%) | 614 |
| | 9/596 I | 38.67 | 1391(+20%,-5%, +5%) | 2315(+20%,-5%, +5%) | 924 |
| | 11/199A ടിസി ജേക്കബ് പോൾ ആന്റ് തങ്കമ്മ പോൾ പാലച്ചുവട്ടിൽ | 63.46 | 2400(+20%, +5% LC) | 3998(+20%, +5% LC) | 1598 |

| | | | | | |
|---|---|---|---|---|---|
| 8 | 11/199B | 21.8 | 825(+20%, +5% LC) | 1373(+20%, +5% LC) | 548 |
| | 11/199C | 21.8 | 825(+20%, +5% LC) | 1373(+20%, +5% LC) | 548 |
| | 11/199D | 20.76 | 786(+20%, +5% LC) | 1308(+20%, +5% LC) | 522 |
| | 11/199E | 19.16 | 725(+20%, +5% LC) | 1208(+20%, +5% LC) | 482 |
| 9 | 12/195 K<br>കുഞ്ഞമ്മ സ്റ്റീഫൻ മേരീദാസ് സ്ലീബാദാസ് യേശുദാസ്, പുത്തൻപുരയ്ക്കൽ | 19.36 | 697(+20%,-5%, +5%) | 1159(+20%,-5%, +5%) | 462 |
| | 12/195 K | 22.06 | 794(+20%,-5%, +5%) | 1321(+20%,-5%, +5%) | 527 |
| | 12/195 K | 13.56 | 489(+20%,-5%, +5%) | 812(+20%,-5%, +5%) | 323 |
| | 12/195 K | 12.86 | 462(+20%,-5%, +5%) | 770(+20%,-5%, +5%) | 308 |
| | 12/195 K | 20.23 | 728(+20%,-5%, +5%) | 1211(+20%,-5%, +5%) | 483 |
| | 12/195 K | 21.16 | 761(+20%,-5%, +5%) | 1267(+20%,-5%, +5%) | 506 |
| | 12/195 K | 20.96 | 754(+20%,-5%, +5%) | 1255(+20%,-5%, +5%) | 501 |
| | 12/195 K | 20.56 | 740(+20%,-5%, +5%) | 1231(+20%,-5%, +5%) | 495 |
| 10 | 13/191 A<br>സെന്റ് ജോർജ് ജോക്കോബൈററ് ചർച്ച് | 23.95 | 907(+20%, +5%) | 1510(+20%,+5%) | 603 |
| | 13/191 B | 23.89 | 905(+20%, +5%) | 1506(+20%, +5%) | 601 |
| | 13/191 C | 23.95 | 907(+20%, +5%) | 1510(+20%, +5%) | 603 |
| | 13/191 D | 23.77 | 899(+20%, +5%) | 1498(+20%, +5%) | 599 |
| | 13/191 E | 23.77 | 899(+20%, +5%) | 1498(+20%, +5%) | 599 |
| | 13/191 F | 24.92 | 943(+20%, +5%) | 1570(+20%, +5%) | 627 |
| 11 | 15/28 A<br>വർഗീസ് ആന്റ് റെബേക്ക ചെറിക്കുംകുഴിയിൽ | 31.25 | 1182(+20%, +5%) | 1969(+20%, +5%) | 787 |
| | 15/28 C | 27.61 | 1044(+20%, +5%) | 1740(+20%, +5%) | 696 |
| | 15/28 D | 22.09 | 836(+20%, +5%) | 1392(+20%, +5%) | 556 |
| | 15/28 E | 10.14 | 385(+20%, +5%) | 638(+20%, +5%) | 253 |
| | 15/28 G | 17.92 | 612(+20%, +5%) | 1129(+20%, +5%) | 517 |
| | 16/48 F<br>പി.എസ്.രവീന്ദ്രൻ | 39.23 | 1484(+20%, +5%) | 2471(+20%, +5%) | 987 |

| | | | | | |
|---|---|---|---|---|---|
| | പുത്തൻപുരയിൽ | | | | |
| | 16/48 G | 37.22 | 1407(+20%, +5%) | 2345(+20%, +5%) | 938 |
| | 16/48 H | 47.61 | 1800(+20%, +5%) | 3000(+20%, +5%) | 1200 |
| | 16/48 I | 47.18 | 1784(+20%, +5%) | 2972(+20%, +5%) | 1188 |
| 12 | 16/48 J | 19.28 | 730(+20%, +5%) | 1215(+20%, +5%) | 485 |

മേൽ സൂചിപ്പിച്ചതു കൂടാതെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണയത്തിൽ പിഴവുണ്ടായിട്ടുണ്ട്.

ആയതു സംബന്ധിച്ച എൻക്വയറിക്ക് (എൻക്വയറി നം.5) പ്രസ്തുത കെട്ടിടങ്ങളിലെ ഓരോ മുറികളും പ്രത്യേകം പ്രത്യേകം ഉപയോഗിക്കുന്നതിനാണ് അപേക്ഷ നൽകയിട്ടുള്ളതെന്നും ഓരോ മുറിയും പല വ്യക്തികളാണ് ഉപയോഗിക്കുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ 2011 ലെ കേരള പഞ്ചായത്ത രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 ൽ 4 പ്രകാരം തക്കതായ കാരണങ്ങളാൽ കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിൽ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി വസ്തുനികുതി ചുമത്താവുന്നതാണ് എന്നതിനാലുമാണ് ഇത്തരത്തിൽ വസ്തു നികുതി നിർണയം നടത്തിയിട്ടുള്ളതെന്നും പ്രസ്തുത അപാകത പരിഹരിച്ച് കെട്ടിടങ്ങൾക്ക് നികുതി നിർണയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. എൻക്വയറിയിൽ പരമാർശിച്ചിട്ടുള്ളത് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. എല്ലാ വാർഡുകളിലെയും ഇത്തരത്തിലുള്ള എല്ലാ കെട്ടിടങ്ങളും പരിശോധിച്ച് വസ്തുനികുതി പുനർനിർണയം നടത്തേണ്ടതാണ്.

2. <u>വസ്തുനികുതി പിരിവ് അഭിനന്ദനീയം</u>

വസ്തു നികുതി പിരിവിൽ സ്ഥാപനം വളരെ മികച്ച പ്രവർത്തനം നടത്തിയിട്ടുണ്ട്. വസ്തു നികുതി കുടിശികയായി പിരിഞ്ഞു കിട്ടാനുള്ളത് ടോക്ക് എച്ച് എഞ്ചിനീയറിംഗ് കോളേജിന്റെ ഉടമസ്ഥതയിലുള്ള വാർഡ് 7 -ൽ 209,205,233 കെട്ടിടനമ്പരുകളിലായി 984492 രൂപയും ബിഎസ്എൻഎൽ ന്റെ ഉടമസ്ഥതയിലുള്ള വാർഡ് 16 -ൽ 1073 മുതൽ 1076 കെട്ടിടങ്ങളിൽ നിന്നായി 20112 രൂപയുമാണ്. ബി.എസ്.എൻ.എൽ -ൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിനായി 20.3.18 ലെ 2018/4477/07 നമ്പർ റിക്വിസിഷൻ പ്രകാരം റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചു വരികയാണ്. സഞ്ചയ സാംഖ്യ ഡാറ്റാ പ്യൂരിഫിക്കേഷൻ പ്രവൃത്തി നടന്നു വരുന്നുണ്ട്. വസ്തു നികുതി സംബന്ധിച്ച് സാംഖ്യ സഞ്ചയ പ്രകാരമുള്ള ഡിമാന്റ് തുകയിൽ വ്യത്യാസമുണ്ട്. പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിക്കുമ്പോൾ സാംഖ്യ സഞ്ചയ തമ്മിൽ ഡിമാന്റിൽ ഉണ്ടായിട്ടുള്ള അപാകത പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ സഞ്ചയ പ്യൂരിഫിക്കേഷൻ പ്രക്രിയിൽ പരിഹരിച്ച നികുതി പുനർനിർണ്ണയം നടത്തിയത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതാണ്.

## 2-2 <u>മത്സ്യമാർക്കറ്റ് സ്റ്റാളുകൾ ഉപയോഗിക്കപ്പെടുന്നില്ല</u>

പഞ്ചായത്തിൽ പുതുതായി പണിത മത്സ്യമാർക്കറ്റ് അസി. എഞ്ചിനീയർ എൽഎസ്ജിഡി നൽകിയ നിരക്കുകൾ അംഗീകരിച്ച് ലേലം ചെയ്യുന്നതിനായി 4.11.16 ൽ നാലാം നമ്പർ തീരുമാനമായി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. തുടർന്ന് 2017-18 കാലയളവിലേക്ക് ലേലം ചെയ്തെങ്കിലും താഴത്തെ നിലയിലെ ഹാളും ഐസ് പ്ലാന്റും മാത്രമാണ് ലേലം കൊണ്ടത്. നിരക്കുകൾ താഴ്ത്തി 8.5.17 ൽ പുനഃലേലം നടത്തിയെങ്കിലും സ്റ്റാളുകൾ ആരും ലേലത്തിലെടുത്തില്ല. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച നിരക്കുകൾ താഴെ ചേർക്കുന്നു.

| ക്രമ നം | മുറി | ഡെപ്പോസിറ്റ് തുക | നിരതദ്രവ്യം | ഏറ്റവും കുറഞ്ഞ പ്രതിമാസ വാടക |
|---|---|---|---|---|
| 1 | മത്സ്യമാർക്കറ്റിലെ ഒന്നാം നിലയിലെ സ്റ്റാൾ 1 | 75000 | 3750 | 2994 |
| 2 | സ്റ്റാൾ 2 | 75000 | 3750 | 4687 |
| 3 | സ്റ്റാൾ 3 | 75000 | 3750 | 4836 |
| 4 | സ്റ്റാൾ 4 | 75000 | 3750 | 4687 |
| 5 | സ്റ്റാൾ 5 | 75000 | 3750 | 5999 |
| 6 | സ്റ്റാൾ 6 | 75000 | 3750 | 6187 |
| 7 | സ്റ്റാൾ 7 | 75000 | 3750 | 5999 |

2018-19 വർഷവും പ്രസ്തുത മുറികൾ ആരും ലേലം കൊണ്ടിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ പ്രധാന സ്രോതസായ വാടക കൃത്യമായി ലഭ്യമാക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികളും പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളും വിശദീകരിക്കുവാൻ നൽകിയ എൻക്വയറിക്ക് (എൻക്വയറി നം. 6) മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫിഷ് മാർക്കറ്റ് തീരദേശവികസന കോർപ്പറേഷൻ നിർമ്മിച്ച് പഞ്ചായത്തിനു കൈമാറിയിട്ടുള്ളതാണ്. പല തവണയായി ലേലത്തിനു ശ്രമിച്ചെങ്കിലും ലാഭകരമല്ല എന്ന കാരണത്താൽ ആരും ലേലത്തിൽ പങ്കെടുക്കാത്ത സാഹചര്യമാണുണ്ടായിട്ടുള്ളതെന്നു മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മത്സ്യമാർക്കറ്റ് പണി ആരംഭിക്കുന്നതിനു മുമ്പു തന്നെ ആയതിന്റെ സാധ്യതകളും സംഭവിച്ചേക്കാവുന്ന അപാകതകളും വിലയിരുത്തി ജോലികൾ ആരംഭിക്കുന്നതിനു ഭരണ സംവിധാനം ശ്രമിച്ചിരുന്നെങ്കിൽ ഈ സാഹചര്യം ഒഴിവാക്കാമായിരുന്നു. പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതന്റെ ഭാഗമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പഞ്ചായത്തിന്റെ ആസ്തികൾ എങ്ങനെ ഫലപ്രദമായി വിനിയോഗിക്കണം എന്ന് ചർച്ചകൾ നടത്തി തീരുമാനമെടുക്കേണ്ടതാണ്. ലേലക്കാർ വരാത്ത സാഹചര്യം ഒഴിവാക്കാനായി വേണ്ട സംവിധാനങ്ങൾ കെട്ടിടത്തിൽ ഏർപ്പെടുത്തേണ്ടതാണ്. അല്ലെങ്കിൽ ഫലപ്രദമായി മറ്റേതെങ്കിലും സാധ്യതകൾ പ്രസ്തുത കെട്ടിടത്തിൽ ഏർപ്പാടാക്കുവാൻ പഞ്ചായത്ത് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി പിരിവ് സംബന്ധിച്ച അപാകതകൾ

1. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടക്കുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ആദ്യ അർദ്ധവർഷം അടച്ച സ്ഥാപന തൊഴിൽ നികുതി | രണ്ടാം അർദ്ധവർഷം അടച്ച സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ | അടച്ചിട്ടില്ല | അടച്ചിട്ടില്ല |
| 2 | കെ.എസ്.ഇ.ബി. മുളന്തുരുത്തി | അടച്ചിട്ടില്ല | അടച്ചിട്ടില്ല |

മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡിന്റെ 5 സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും 3 സ്ഥാപനങ്ങൾ മാത്രമാണ് സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളത്.

2. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ സ്ഥാപനം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടക്കുന്നില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 8) ബിഎസ്എൻഎൽ തൊഴിൽ നികുതി അടക്കേണ്ട വിഭാഗമല്ല എന്നും ഇതു സംബന്ധിച്ച കേസ് നിലനിൽക്കുന്നതിനാൽ ആയതിന്റെ വിധി വരും വരെ സ്ഥാപനത്തൊഴിൽ നികുതി ഈടാക്കുന്നതിനു നടപടികൾ സ്വീകരിക്കരുതെന്നും കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)No. 16670/2006 കേസിൽ 09-09-2016 തീയതിയിൽ പുറപ്പെടുവിച്ച വിധിയിൽ ബി.എസ്.എൻ.എൽ. തൊഴിൽ നികുതി അടയ്ക്കേണ്ടതാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ ബി.എസ്.എൻ.എൽ/ കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡിന്റെ പണമിടപാട് നടത്തുന്ന സ്ഥാപനങ്ങൾ 3 എണ്ണം മാത്രമായതിനാലാണ് ആ സ്ഥാപനങ്ങളിൽ നിന്നു മാത്രം തൊഴിൽ നികുതി ഈടാക്കിതെന്നും മറുപടി നൽകിയിട്ടുണ്ട്. ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഒരു ബാങ്കിന്റെ ഒന്നിലേറെ ബ്രാഞ്ചുകൾ പ്രത്യേകം പ്രത്യേകം തൊഴിൽ നികുതി അടവാക്കേണ്ടതാണ്. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങൾ ഓഫീസ് പ്രവർത്തനങ്ങൾക്കു മാത്രമായാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. ബിവറേജസ് കോർപ്പറേഷന്റെ ഷോപ്പിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസുകളിലൊന്നായ തൊഴിൽ നികുതി പിരിവ് കാര്യക്ഷമമായി നടപ്പാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ വളരെയേറെ സ്വകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ 60 ദിവസത്തിൽ കൂടുതൽ തുടർച്ചയായി തൊഴിലെടുക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി കൂടി ഈടാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 2-4 ലൈസൻസില്ലാതെ സ്ഥാപനങ്ങളും ലൈവ് സ്റ്റോക്ക് ഫാമുകളും പ്രവർത്തിക്കുന്നു

1. ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് തയ്യാറാക്കിയ 2017-22 വർഷത്തേക്കുള്ള വികസനരേഖ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള ഫാമുകളുടെ എണ്ണം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | മാലിന്യ നിർമാർജന സംവിധാനം ഉള്ളവ |
|---|---|---|---|
| 1 | ഡയറി ഫാം | 11 | ഉണ്ട് |
| 2 | ഗോട്ട് ഫാം | 6 | ഇല്ല |
| 3 | ഇറച്ചിക്കോഴി | 4 | ഉണ്ട് |

എന്നാൽ 2017-18 വർഷത്തിൽ ലൈവ് സ്റ്റോക്ക് ഇനത്തിൽ 2 പൌൾട്രി ഫാമുകൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. 2012 ലെ കേരള ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങളിൽ ഫാമുകൾ നടത്തുന്നതു സംബന്ധിച്ചും ഏർപ്പെടുത്തേണ്ട മാലിന്യ സംസ്കരണത്തിനുള്ള ക്രമീകരണങ്ങൾ സംബന്ധിച്ചും പരിശോധനകൾ സംബന്ധിച്ചും വ്യക്തമാക്കിയിട്ടുള്ളതാണ്.

2. പഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

വികസന രേഖ പ്രകാരം പഞ്ചായത്തിൽ രണ്ട് ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ ഡി ആന്റ് ഒ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടക്കുകയോ ചെയ്യുന്നില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.9) സ്ഥാപനങ്ങൾ പരിശോധിച്ച് ലൈസൻസ് ഫീസ് ഈടാക്കുന്നതിനു നടപടികൾ സ്വീകരിക്കുന്നതാണെന്നു മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തതിനു ശേഷം മാത്രം പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അനുവദനീയമായതിലും അധിക നിരക്ക് നൽകിയത്

(A)

| | |
|---|---|
| പ്രവർത്തിയുടെ പേര് | പേക്കൽ റോഡ് കട്ടവിരിയ്ക്കൽ |
| പ്രോജക്റ്റ് നമ്പർ | S0033/18 |
| അളവ് പുസ്തകം | 01/17-18 |
| കരാറുകാരൻ | ശ്രീ.കുര്യാക്കോസ് |
| അടങ്കൽ തുക | 425000 |
| ബിൽ നമ്പർ/തീയതി | 03/17-18/30.10.17 |
| നൽകിയ തുക | 409411 /- |
| എഗ്രിമെന്റ് തീയതി | 19/AEM/LSGD/17-18, dtd.23.08.17 (എസ്റ്റിമേറ്റ് നിരക്ക്) |

ഈ പ്രോജക്റ്റിലെ 1-ാം ഇനമായി ചെയ്തിട്ടുള്ള Providing and laying 80mm thick factory made cement Concrete interlocking paver block എന്ന പ്രവൃത്തിയ്ക്ക് 1m2ന് 972/-രൂപയാണ് നൽകിയത്. എന്നാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഡാറ്റ പ്രകാരം നൽകാവുന്ന നിരക്ക് 1m2 ന് 924.49(With Cost Index 1.4902)/-രൂപയാണ്.

(B)

| | |
|---|---|
| പ്രവർത്തിയുടെ പേര് | ശാന്തം റോഡ് കട്ടവിരിയ്ക്കൽ |
| പ്രോജക്റ്റ് നമ്പർ | S0162/18 |
| അളവ് പുസ്തകം | 66/17-18 |
| കരാറുകാരൻ | ശ്രീ വി പി തങ്കച്ചൻ |
| അടങ്കൽ തുക | 115507 |
| ബിൽ നമ്പർ/തീയതി | 36/17-18/07.03.18 |
| നൽകിയ തുക | 115507/- |
| എഗ്രിമെന്റ് തീയതി | 66/AEE/MLTY/LSGD /17-18,dtd.06.02.18(എസ്റ്റിമേറ്റ് നിരക്ക്) |

ഈ പ്രോജക്റ്റിലെ 1-ാം ഇനമായി ചെയ്തിട്ടുള്ള Providing and laying 80mm thick factory made cement Concrete interlocking paver block എന്ന പ്രവൃത്തിയ്ക്ക് 1m2ന് 953.05/-രൂപയാണ് നൽകിയത്. എന്നാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഡാറ്റ പ്രകാരം നൽകാവുന്ന നിരക്ക് 1m2 ന് 906.25(With Cost Index 1.4608)/-രൂപയാണ്.

ഈ പ്രവൃത്തിയിൽ അധിക തുക ചെലവാക്കാനിടയായ സാഹചര്യമെന്തെന്ന് വിശദീകരിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭിച്ച മറുപടിയിൽ കോഴ്സ് സാൻഡ് ഉപയോഗിച്ച് കട്ടകൾ തമ്മിലുള്ള അകലം ഫില്ല് ചെയ്യതിനാലാണ് അധിക നിരക്ക് നൽകിയതെന്ന് അറിയിച്ചു. പൊതുമരാമത്ത് ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

(C)

| | |
|---|---|
| പ്രവർത്തിയുടെ പേര് | ആരക്കുന്നം, വേഴപ്പറമ്പ്, ഇഞ്ചിമല, തുപ്പംപറമ്പ്-അംഗൻവാടികളുടെ മുകളിൽ റൂഫ് സ്ഥാപിക്കലും നവീകരണവും |
| പ്രോജക്ട് നമ്പർ | 138/18 |
| അളവ് പുസ്തകം | 36/17-18 |
| കരാറുകാരൻ | ശ്രീ.ജോയ് തോമസ് |
| അടങ്കൽ തുക | 1500000 |
| ബിൽനമ്പർ/ തീയതി | 67/17-18/24.03.18 |
| നൽകിയ തുക | 1492189 /- |

ഗ്രാമപഞ്ചായത്തിലെ വിവിധ അംഗൻവാടികളുടെ നിർമ്മാണത്തിനായി ആവിഷ്കരിച്ചതാണീ പ്രോജക്ട്. ഈ പ്രോജക്ടിലെ ചില ഇനങ്ങൾക്ക് അധിക നിരക്കാണ് നൽകിയത്. 21-ാം ഇനമായി ചെയ്തിട്ടുള്ള Structural steel work in single section, fixed with or without connecting plate, including cutting,hoisting, fixing in position and applying a priming coat of approved steel primer allcomplete (DSR ITEM 10.1)എന്നതിന് അധിക നിരക്കാണ് നൽകിയിട്ടുള്ളത്. നൽകാവുന്ന നിരക്കിന്റെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ആവശ്യമായ അളവ് | നിരക്ക് | തുക |
|---|---|---|---|
| Structural steel such as tees, angles channels and R.S. joists | 1.050 | 4636/quintal | 4867.80 |
| Carriage of steel | 0.105 | 94.65/Tonne | 9.94 |
| Fitter (grade 1) | 0.500 | 435/day | 217.50 |
| Blacksmith 2nd class | 0.750 | 399/day | 299.25 |
| Beldar | 1.00 | 329/day | 329.00 |
| Priming coat Rate as per Item Number 13.50.3 of SH:Finishing | 3.00 | 27/Sqm | 81.00A |
| Sundries | 20.670 | 1.78 | 36.79 |
| | | ആകെ | 5841.28 |
| Add Water Charges @ 1% except i.e (5,841.28- 81.00 =) 5,760.28 | | | 57.60 |
| | | ആകെ | 5898.88 |
| Cost of 100 kg | | | 6771.56 |
| Cost of 1 kg | | | 67.72 |
| അതായത് | | | 67.70 |

ചെയ്ത അളവ്/നൽകിയ തുക - 1808.708x134.50(with cost index 1.4902) = 243271.23

നൽകാവുന്ന തുക - 1808.708x101(with cost index 1.4902)=182679.50

അധികം നൽകിയ തുക - 60592 /-

മേൽ പ്രോജക്ടിലെ 43-ാം ഇനമായി ചെയ്തിട്ടുള്ള Providing and laying 60mm thick factory made cement Concrete interlocking paver block എന്ന പ്രവൃത്തിയ്ക്ക് 1m2ന് 924/-രൂപയാണ് നൽകിയത്. എന്നാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഡാറ്റ പ്രകാരം നൽകാവുന്ന നിരക്ക് 1m2 ന് 872.32/-രൂപയാണ്.

മേൽ പ്രവൃത്തികളിന്മേൽ അധിക തുക ചെലവാക്കാനിടയായ സാഹചര്യമെന്തെന്ന് വിശദീകരിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭിച്ച മറുപടിയിൽ ഐറ്റം റേറ്റ് ടെണ്ടർ മുഖേനയാണ് പ്രോജക്ടുകൾ

നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിച്ചു. പൊതുമരാമത്ത് ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

(D)

| | |
|---|---|
| പ്രവർത്തിയുടെ പേര് | ആരക്കുന്നം വനിത തൊഴിൽ പരിശീലന കേന്ദ്രം അനുബന്ധ പ്രവർത്തനങ്ങൾ |
| പ്രോജക്ട് നമ്പർ | S005918 |
| അളവ് പുസ്തകം | 55/17-18 |
| കരാറുകാരൻ | ശ്രീ.മനോജ് കുമാർ.എം.ആർ (എസ്റ്റിമേറ്റ് നിരക്ക്) |
| അടങ്കൽ തുക | 1143000 /- |
| ബിൽ നമ്പർ/തീയതി | 19/17-18/31.01.18 |
| നൽകിയ തുക | 1130007/- |

ഗ്രാമപഞ്ചായത്തിലെ ആരക്കുന്നം വനിത തൊഴിൽ പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ചതാണീ പ്രോജക്ട്. ഈ പ്രോജക്ടിലെ ചില ഇനങ്ങൾക്ക് അധിക നിരക്കാണ് നൽകിയത്. 4-ാം ഇനമായി ചെയ്തിട്ടുള്ള Providing and fixing false ceiling with 7.5mm thick PVC wooden grains panel board ceiling complete (DSR ITEM 50.12.4.1)എന്നതിന് അധിക നിരക്കാണ് നൽകിയിട്ടുള്ളത്. നൽകാവുന്ന നിരക്കിന്റെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ആവശ്യമായ അളവ് | നിരക്ക് | തുക |
|---|---|---|---|
| Details of cost of 10m2 7.5mm thick PVC plain panel for ceiling work | 11.00 | 165/m2(MR) | 1815.00 |
| Sundries-Carriage of material | 17.55 | 1.73 | 30.36 |
| Sundries-Nails/Screws | 26.91 | 1.73 | 46.55 |
| Carpenter 1st class | 2.50 | 487/day | 1217.50 |
| Beldar | 2.00 | 368/day | 736.00 |
| Sundries-Scaffolding | 31.07 | 1.73 | 53.75 |
| Sundries | 31.07 | 1.73 | 53.75 |
| | | ആകെ | 3952.91 |
| Add Water Charges @ 1% | | | 39.53 |
| | | ആകെ | 3992.44 |
| Add CPOH @ 15% | | | 598.87 |
| Cost of 10m2 | | | 4591.31 |
| Cost of 1m2 | | | 459.13 |
| അതായത് | | | 459.15 |

മേൽ പ്രോജക്ടിലെ 8-ാം ഇനമായി ചെയ്തിട്ടുള്ള Random rubble masonary with hard stone in foundation and plinth etc complete എന്ന പ്രവൃത്തിയ്ക്ക് 1m3ന് 5237.52/-രൂപയാണ് നൽകിയത്. എന്നാൽ DSR പ്രകാരം നൽകാവുന്ന നിരക്ക് 1m3 ന് 5168/-രൂപയാണ്.

മേൽ പ്രവൃത്തിയിൽ അധിക തുക ചെലവാക്കാനിടയായ സാഹചര്യമെന്തെന്ന് വിശദീകരിക്കുവാൻ

നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭിച്ച മറുപടിയിൽ ഐറ്റം റേറ്റ് ടെണ്ടർ മുഖേനയാണ് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിച്ചു. പൊതുമരാമത്ത് ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 3-2 കുടിവെള്ള വിതരണ പദ്ധതി

പ്രോജക്ട് നം - 117/18

പ്രോജക്ടിന്റെ പേര് - കുടിവെള്ള വിതരണം

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ - 3,00,000/- ( തനത് ഫണ്ട് )

ചെലവ് - 1,79,400/- ( വൗ.നം - 21700752 , തീ - 12.10.17 )

ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകൾ മുഖേനയാവണം കുടിവെള്ള വിതരണം നടത്തേണ്ടതെന്ന് ത.സ്വ.ഭ.വകുപ്പിന്റെ 21.3.18 ലെ സ.ഉ (സാ.ധാ) നം 754/18 ലെ ഖണ്ഡിക 3, 4 ൽ നിഷ്കർഷിക്കുന്നു.

കൂടാതെ ത.സ്വ.ഭ.വകുപ്പിന്റെ 18.4.12 ലെ 24428/DC1/2012 നം സർക്കുലർ ഖണ്ഡിക 7 അനുസരിച്ച് വിതരണം ചെയ്യപ്പെടുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കേണ്ടത് ഗവ.അനലിറ്റിക്കൽ ലബോറട്ടറി/ CWRDM/ KWA/ യൂണിവേഴ്സിറ്റി അല്ലെങ്കിൽ മറ്റേതെങ്കിലും ഗവ.ഏജൻസിയിലോ ആണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ മേൽ പരിശോധന നടത്തിയിരിക്കുന്നത് Toc - H Institute of science & technology യുടെ Environment Lab ലാണ്. വിശദമായ കെമിക്കൽ പരിശോധനക്ക് പകരം കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം മാത്രമാണ് പരിശോധനക്ക് വിധേയമാക്കിയിരിക്കുന്നതെന്നും കാണുന്നു. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഒരു ഗവ.യു.പി. സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകുന്നത് സംബന്ധിച്ച് 12.09.2011-ലെ 42448/ഈ.ഡബ്ല്യൂ3/2011/തസ്വഭവ, നമ്പർ സർക്കുലർ പ്രകാരം സർക്കാർ പൊതു നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ യാതൊരു പ്രീ-പ്രൈമറി സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കാൻ പാടില്ലെന്നും, അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്നും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവിട്ടിരുന്നു.

മേൽ സാഹചര്യത്തിൽ പ്രീപ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ് സ്കൂളുകളും പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായും ലഭ്യമാക്കേണ്ടതും ഫിറ്റ്നസ് ഇല്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് അതത് തദ്ദേശസ്വയംഭരണ സ്ഥാനത്തിന്റെ ഓഫീസ് മേധാവി നടപടി സ്വീകരിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്ന് 30.12.2016-ലെ 792455/ഇ.ഡബ്ല്യൂ3/2016/തസ്വഭവ നമ്പർ സർക്കുലറിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകൾ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-4 വൈക്കോൽകെട്ട് മെഷീൻ - വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നം | 40/18 |
| പ്രോജക്ടിന്റെ പേര് | വൈക്കോൽകെട്ട് മെഷീനും അനുബന്ധ ഉപകരണങ്ങളും |
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

| | |
|---|---|
| അടങ്കൽ - 3,50,000/- | വികസന ഫണ്ട് - 3,15,000/-<br>മറ്റുള്ളവ – 35,000/- |
| ചെലവ്- 3,50,000/- | വികസന ഫണ്ട് - 3,15,000/-<br>(ബിൽ നം -1/17-18,25.8.17 )<br>മറ്റുള്ളവ – 35,000/-<br>(ഗുണഭോക്തൃവിഹിതം, കാരിക്കോട് പാടശേഖരസമിതി)<br>(117010102826/22.8.17 ) |

പാടശേഖരസമിതിക്ക് മെഷീൻ വാങ്ങി നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പ്രോജക്ടാണിത്.മെഷീൻ വാങ്ങാൻ ടെണ്ടർ ക്ഷണിച്ചതിൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ (3,51,000/-) റെയ്ഡ്കോയിൽ നിന്നും ആയത് വാങ്ങാൻ തീരുമാനിക്കുകയും (28.7.17 ലെ സാധാ.മീറ്റിംഗ് 2.2(5) നം തീരുമാനം ) റെയ്ഡ്കോയുടെ 23.8.17 ലെ 307/17-18 നം ഇൻവോയ്സ് പ്രകാരം തുകയൊടുക്കി മെഷീൻ വാങ്ങുകയും ചെയ്തിട്ടുണ്ട്.ഫയൽ പരിശോധനയുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. റെയ്ഡ്കോയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ഇരുന്നൂറ് രൂപയുടെ മുദ്രപ്പത്രത്തിൽ വ്യവസ്ഥകളൊന്നും എഴുതിച്ചേർത്തിട്ടില്ല.കൃത്യമായ വ്യവസ്ഥകൾ എഴുതിച്ചേർത്ത് കരാർ നിയമാനുസൃതമായി സൂക്ഷിക്കേണ്ടതാണ്.
2. മെഷീൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഇത് സ്റ്റോക്കിൽ ചേർത്ത് ആസ്തിയായി മാറ്റേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 3000000 | ലൈഫ് ഭവന പദ്ധതി | 40000 | 2960000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 250000 | ഭിന്ന ശേഷിക്കാർക്ക് പഠന സഹായം | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 5000000 | സ്റ്റേഡിയത്തിന് സ്ഥലം വാങ്ങൽ | 5000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 500000 | അംഗൻവാടിയ്ക്ക് സ്ഥലം വാങ്ങൽ | 423306 | 76694 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 3000000 | എസ്.സി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | 3000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 250000 | ഭിന്നശേഷിക്കാർക്ക് പഠന സഹായം | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2500000 | സ്റ്റേഡിയത്തിന് സ്ഥലം വാങ്ങൽ | 2500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 800000 | അംഗൻവാടിയ്ക്ക് സ്ഥലം വാങ്ങൽ | 800000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | പാൽ ഇൻസെന്റീവ് | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| വിഹിതം കൈപ്പറ്റിയ സ്ഥാപനം | നൽകിയ തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കെ. എസ്. ഇ. ബി, മുളന്തുരുത്തി | 28750 | പട്ടികജാതി കോളനിയിലേക്ക് ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിക്കൽ | 28750 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | തുക ലഭിച്ച വർഷം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | പിൻവലിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| ബസ്സ്റ്റാൻഡ് കംഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | 2015 | സ.ഉ(സാധാ)നം 2759/2015/ ത.സ്വ.ഭ.വ തീ. 10.09.2015 | 22284000 | 13504524 | 2535914 | 1929224 | 1406135 | 1836464 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപം വാർഷിക കണക്കുകളിൽ ഇൻവെസ്റ്റ്മെന്റ് ഹെഡിൽ (RP41) ഉൾപ്പെടുത്തിയിരിക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 9707875 |
| തൻവർഷം നിക്ഷേപിച്ച തുക | 3369231 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 8182893 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4894213 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരം നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| എറണാകുളം സർവ്വീസ് സഹകരണ ബാങ്ക് FD 042485 | 4894213 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 30107/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ / സ്ഥാപനത്തിന്റെ പേര് | രശീത് നമ്പർ /തിയ്യതി |
|---|---|---|---|---|
| 1999-2000 | 2-3 | 20 | സി.ഒ.മറിയാമ്മ | 117010107297/30.01.2018 |

| | | | | |
|---|---|---|---|---|
| | 20 | 108 | രാമൻനായർ മുതൽപേർ | 117010107327/30.01.2018 |
| 2000-2001 | 28 | 22 | സാബു | 117010107341/01.01.2018 |
| 2001-02 | 24 | 70 | കെ.കെ.പ്രദീപ്കുമാർ | 117010107292/30.01.2018 |
| | 25 | 296 | സൂസിപീറ്റർ മുതൽപേർ | 117010107293/19.10.2017 |
| 2006-07 | 2-1 | 29 | പി.എൻ.സോമരാജൻ | 117010103835/30.01.2018 |
| 2013-14<br>2014-15 | 3-2 | 1174 | എസ്.തങ്കമണി | 117010100404/21.4.17 |
| 2015-16 | 3-6 | 5378 | രഞ്ജു, സുനിതാപ്രസ്സ് | 117010500002/25.4.2017 |
| | 3-8 | 3300 | അഡ്വ.എസ്.ശ്രീകുമാർ | 117010500005/27.4.2017 |
| | 3-10 | 12210 | ജോയ്തോമസ് | 117010933147/27.4.17 |
| 2015-16 | 2-3 | 2500 | സപ്ലൈകോ മെഡിക്കൽ ഷോപ്പ് | 117010102625/09.08.2017 |
| | 2-3 | 2500 | ടോക്ക് എച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി | 117010104054/01.11.2017 |
| | 2-3 | 2500 | സപ്ലൈകോ ലാഭം മാർക്കറ്റ് | 7/11554/12.03.2018 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2012-13<br>3-7(1) | 2014-15,<br>4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിടനിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു. | 2012-13 ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള 3.12.15 ലെ കെ.എസ്.എ.ഇ.കെ.എം.പി6-1593/14 നമ്പർ പുനരഭിപ്രായ കത്ത് പ്രകാരം പാര 3 -7(1)(2) പരാമർശം ഒഴിവാക്കിയിട്ടുണ്ട്. സമാഹൃത ഓഡിറ്റ് റിപ്പോർട്ട് പരാമർശം ഒഴിവാക്കുന്നതിലേക്ക് ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട്. |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

| ക്ര മ. നം | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് ഔദ്യോഗിക സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ /തീയതി | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | മുളന്തുരുത്തി ഗ്രാമ പഞ്ചാ | 1998 | 38 | കെ.എസ്. ദിവാകരൻ, മുൻസെക്രട്ടറി | വിവരം ലഭ്യമല്ല | 25847 | 0 | 0 | 0 | 0 | 0 | 25847 | |
| 2 | | | 39 | | | 39063 | 0 | 0 | 0 | 0 | 0 | 39063 | |
| 3 | | | 40 | | | 43767 | 0 | 0 | 0 | 0 | 0 | 43767 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 4 | യത്ത് | 2008 – 2009 | 3-7 | കെ.റ്റി. രത്നാഭായി മുൻസെക്രട്ടറി | | 37500 | | | | | | | LFE-23167/ സ്പെ. സെൽ/ എസ്.സി/ സി2/2012 തീയതി 22.11.13 പ്രകാരം ഒഴിവാക്കി യിട്ടുണ്ട് |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 101975630.60 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 91224720.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| | ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല | |

(സി) കേന്ദ്ര -സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ------------- ഇല്ല ------------- | | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ /ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1981-82 | എൽ.എഫ്.ഇ.(പി4)868/98/10.5.2000 |
| 1982-83 മുതൽ 1995-96 വരെ | എൽ.എഫ്.ഇ.(പി4)868/98/10.5.2000 |
| 1996-97 | എൽ.എഫ്.ഇ.(പി4)184/98/15.06.1998 |
| 1997-98 | എൽ.എഫ്.ഇ.(പി4)1530/2000/15.3.01 |
| 1998-99 | എൽ.എഫ്.ഇ.(പി4)1530/2000/15.3.01 |
| 1999-2000 | എൽ.എഫ്.ഇ.(പി4)275/02/17.1.2003 |
| 2000-01 | എൽ.എഫ്.ഇ.(പി4)275/02/17.1.2003 |
| 2001-02 | എൽ.എഫ്.ഇ.(പി4)555/03/19.7.2003 |
| 2002-03 | എൽ.എഫ്.ഇ.(പി4)465/04/28.1.2005 |
| 2003-04 | എൽ.എഫ്.ഇ.(പി4)1381/04/28.1.2005 |
| 2004-05 | എൽ.എഫ്.ഇ.(പി6)1176/07/24.4.08/13.2.09 |
| 2006-07 | എൽ.എഫ്.ഇ.(പി6)78/09/17.3.09 |
| 2007-08 | എൽ.എഫ്.ഇ.(പി6)79/09/17.3.2010 |
| 2008-09 | എൽ.എഫ്.ഇ.(പി6)1836/11/2.11.2011 |
| 2009-10 | എൽ.എഫ്.ഇ.(പി6)113/11/11.8.2011 |
| 2010-11 | എൽ.എഫ്.ഇ.(പി6)1837/11/4.11.2011 |
| 2011-12 | എൽ.എഫ്.ഇ.(പി6)1067/13/20.9.2013 |
| 2012-13 | എൽ.എഫ്.ഇ.(പി6)1593/14/11.11.14/8.12.14 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി.6)388/ 2016/12.3.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി.6) 2128/ 2016/15.12.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം. (പി.6) 1268/2017/15.07.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2017-18

നം.കെഎസ്എ-ഇകെഎം(പി 6)1609/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

തീയതി : 07.09.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

APPENDIX – I

AUDIT CERTIFICATE – 2017-18

No.KSA-EKM(P 6)1609/2018

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 07.09.2018

Certified that I have audited the Annual Financial Statement of MULANTHURUTHY Grama Panchayat in Ernakulam District for the Financial Year ended on 31.03.2018 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of MULANTHURUTHY Grama Panchayat for the Financial Year 2017-18 audit report properly presents the picture of income and expenditure.

Deputy Director